**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1684** **11-10-2024 - ൽ മറുപടിയ്ക്ക്**

**പെരിങ്ങോം ഗവൺമെന്റ് കോളേജിലെ പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | **പദ്ധതിയുടെ നിർവഹണ ഏജൻസിയായ KITCO പുതുക്കിയ പദ്ധതി രൂപരേഖ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.** |
| (ബി) | കെട്ടിട നിർമ്മാണത്തിന്റെ തുടർപ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കെട്ടിടം നിർമ്മാണത്തിന്റെ തുടർപ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ സാന്നിധ്യത്തിൽ 08/07/2024 ന് യോഗം ചേരുകയും പ്രസ്തുത യോഗത്തിലെ നിർദ്ദേശപ്രകാരം പദ്ധതിയുടെ നിർവഹണ ഏജൻസിയായ KITCO പുതുക്കിയ പദ്ധതി രൂപരേഖ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | (സി) | പുതുക്കിയ പദ്ധതി രൂപരേഖയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ച് സാങ്കേതികാനുമതി നൽകിയ ശേഷം ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ